# കുടുംബവും കുട്ടികളുടെ വിദ്യാഭ്യാസവും
(Mar Joseph Powathil)

മനുഷ്യജീവിതത്തിൽ പരിശീലനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. മിക്ക ജീവികളും സഹജമായ വാസനകൾക്കനുസരിച്ച് വളരുക മാത്രമാണ് ചെയ്യുന്നത്. ചില മൃഗങ്ങളെ നീണ്ട പരിശീലനങ്ങളിലൂടെ ചില വിദ്യകൾ പഠിപ്പിച്ചെടുക്കാൻ കഴിയും. എന്നാൽ മനുഷ്യന്റെ പരിശീലനം ഇതിൽ നിന്നും വ്യത്യസ്തമാണ്. ആ പരിശീലനം ഏറെ നാൾ അല്ലെങ്കിൽ ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കേണ്ടതാണെന്നു പറയാം. മനുഷ്യൻ ചില വിദ്യകൾ മാത്രം പഠിച്ചാൽ മാത്രം മതിയാകില്ല എന്നതാണ് വസ്തുത. അവന്റെ ചിന്താശക്തിയും മനോഭാവങ്ങളും സമീപനരീതികളുമെല്ലാം നന്മയ്ക്കായി രൂപാന്തരപ്പെടേണ്ടതാണ്. സത്യത്തിനും നീതിക്കും ചേരുന്ന രീതിയിൽ സ്വാതന്ത്ര്യം ഉപയോഗിക്കാൻ അവൻ പ്രാപ്തനാകണം. ഇതിനെല്ലാം മറ്റുള്ളവരുടെ ക്രിയാത്മകമായ സഹകരണം കൂടിയേ തീരൂ. പുതിയ പുതിയ സാഹചര്യങ്ങളെയും വെല്ലുവിളികളെയും നേരിടാനുള്ള പ്രാപ്തി വളർത്തിയെടുക്കണം. ഇതിനും, പ്രത്യേകിച്ചു മനുഷ്യജീവിതത്തിന്റെ ആരംഭഘട്ടത്തിൽ, പരിശീലകരുടെ സഹായം ഏറെ ആവശ്യകമാണ്. വ്യക്തിയുടെ സാമൂഹികമായ ഉദ്ഗ്രഥനം സാധിക്കാനും പരിചയിക്കേണ്ടതാണല്ലോ. മനുഷ്യന്റെ കാര്യത്തിൽ ശരിയായ പരിശീലനം അനിവാര്യമാണെന്നതിൽ സംശയമില്ല.

ഒരു ശിശുവിന്റെ ജനനത്തിൽ ദൈവത്തോട് ഏറ്റം അടുത്തു സഹകരിക്കുന്നത് മാതാപിതാക്കളാണല്ലോ. ദൈവത്തിന്റെ ദാനമായ കുഞ്ഞുങ്ങളെ വളർത്തുവാനായി ദൈവം ഏൽപ്പിച്ചു കൊടുത്തത് അവരെ തന്നെയാണെന്നതിൽ സംശയമില്ല. കുട്ടികളോട് ഏറ്റം ഗാഢമായി ബന്ധപ്പെടുന്നതും, അവരെ സ്നേഹിക്കുകയും അവരുടെ നന്മ മാത്രം ആഗ്രഹിക്കുകയും ചെയ്യുന്നതും മാതാപിതാക്കൾ തന്നെയാണ്. തങ്ങൾക്കു ജനിച്ച കുഞ്ഞുങ്ങളെ പൂർണ്ണമനുഷ്യരാക്കിത്തീർക്കാൻ സ്വാഭാവികമായി ഏറ്റം താൽപര്യമുള്ളവർ തന്നെയായിരിക്കുന്നതുകൊണ്ട് കുഞ്ഞുങ്ങളുടെ പരിശീലനത്തിലും മാതാപിതാക്കൾ ദൈവത്താൽ നിയുക്തരായ സഹപ്രവർത്തകരാണ് അവർ. അതുകൊണ്ട് കുട്ടികളുടെ പരിശീലനത്തിന് മാതാപിതാക്കൾ സ്വയം സജ്ജരാകാൻ ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാ പരിശീലനത്തിനും അടിസ്ഥാനമാകുന്നത് കുടുംബവേദിയാണ്. ഭൗതികവും ആദ്ധ്യാത്മികവുമായ പരിശീലനത്തിന്റെ ആദ്യവിദ്യാലയമാണ് കുടുംബം.

വളർച്ചയുടെ സുപ്രധാന ഘട്ടത്തിലാണ് കുട്ടികൾ മാതാപിതാക്കളുടെ സംരക്ഷണയിലായിരിക്കുന്നത്. ഈ അവസരത്തിൽ അവരുടെ പരിചരണത്തിൽ മാതാവും പിതാവും ഒരുമിച്ചു പരിശ്രമിക്കുകയാണ് വേണ്ടത്. മനുഷ്യവ്യക്തിയുടെ വളർച്ചക്കു മാതാവും പിതാവും പരസ്പരപൂരകങ്ങളായി വർത്തിക്കുന്നു. അവരിൽ ഒരാളുടെ അസാന്നിധ്യം കുട്ടികളുടെ രൂപീകരണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കില്ല. ആദ്യകാലത്ത് അറിവും ശിക്ഷണവും സ്നേഹവുമെല്ലാം ഒരുമിച്ച് ലഭിച്ചാലേ പരിശീലനം സമഗ്രമായ വളർച്ചയെ സഹായിക്കൂ. പാശ്ചാത്യദേശത്ത് വിവാഹബന്ധത്തിൽ വരുന്ന തകർച്ചകൾ കുട്ടികളുടെ പരിശീലനത്തെ ദോഷകരമായി ബാധിക്കുന്നുവെന്നതാണ് വസ്തുത.

ക്രൈസ്തവമാതാപിതാക്കൾ ഭൗതിക ജീവിതത്തിനുവേണ്ടി മാത്രമല്ല കുട്ടികളെ പരിശീലിപ്പിക്കേണ്ടത്; പ്രത്യുത, ആദ്ധ്യാത്മിക ജീവിതത്തിന് ഭദ്രമായ അടിത്തറ ഇടാൻ അവരെ സഹായിക്കണം. വീട്ടിൽ വിശ്വാസ ജീവിതത്തിനു സഹായകമായ ക്രമീകരണങ്ങൾ ഉണ്ടായാലേ കുട്ടികൾ വിശ്വാസ കാര്യങ്ങളിൽ താൽപര്യമെടുക്കാൻ തുടങ്ങുകയുള്ളൂ. ക്രിസ്തീയ ചിത്രങ്ങൾ, അടയാളങ്ങൾ തുടങ്ങിയവ വീടുകളിൽ ഉണ്ടായിരിക്കണം. മാതാപിതാക്കളുടെ വിശ്വാസമാണ് കുട്ടികൾക്ക് പ്രചോദനമായി തീരേണ്ടത്. കുടുംബ പ്രാർത്ഥനയിൽ പങ്കുചേരാൻ കുട്ടികളെ സാവകാശം പരിചയിപ്പിക്കുന്നത് വിശ്വാസപോഷണത്തിനു സഹായകമാകും. പ്രാർത്ഥനയുടെ വിശദീകരണങ്ങൾ വിശ്വാസസത്യങ്ങൾ കുറേശ്ശെ മനസ്സിലാക്കാൻ ഒരു ഉപാധിയാണ്. വിശ്വാസജീവിതം മാതാപിതാക്കൾ ഗൗരവമായി എടുക്കുന്നു എന്നു മനസ്സിലാക്കിയാൽ കുട്ടികൾ ആ ജീവിത ശൈലിയിൽ താൽപര്യമെടുക്കുമെന്നതിൽ സംശയമില്ല.

**അയൽക്കാരും ഇടവകസമൂഹവും**

ഗാർഹിക രംഗത്ത് പരിശീലനം ലഭിക്കുന്നതോടൊപ്പം, ബന്ധുക്കളും അയൽക്കാരുമെല്ലാം ഒരു പരിധി വരെ കൊച്ചുകുട്ടികളുടെ ജീവിതത്തെ സ്വാധീനിക്കും. അതിനാൽ കുട്ടികൾ ഇവരുമായി ശരിയായ രീതിയിൽ ഇടപെടാൻ മാതാപിതാക്കൾ വഴികാട്ടണം. ആദ്യകാലത്തെ കൂട്ടുകെട്ടുകൾ മനോഭാവത്തെയും പെരുമാറ്റരീതിയെയും വളരെ സ്വാധീനിക്കും. പെരുമാറ്റരീതിയിൽ ഏറെ ശ്രദ്ധിക്കേണ്ട ഒരു കാലഘട്ടമാണ് ആ വർഷങ്ങൾ.

കുട്ടികൾ ആദ്യകാലത്ത് പരിചയപ്പെടുന്ന ഒരു രംഗമാണ് ഇടവക ദൈവാലയവും ഇടവക സമൂഹവും. ഇടവക സമൂഹത്തിന്റെ മനോഭാവങ്ങളും സംസാരരീതിയും പെരുമാറ്റശൈലിയുമെല്ലാം കുട്ടികളുടെ മനസ്സിൽ പതിയാതിരിക്കില്ല. സഭയോടുള്ള മനോഭാവവും മറ്റും ഒരു പരിധി വരെ രൂപപ്പെടുന്നത് ഇടവകയിലെ അനുഭവത്തിൽ കൂടിയാണെന്നു പറഞ്ഞാൽ തെറ്റില്ല. അവിടെ പരസ്പര ബഹുമാനത്തിന്റെയും പരിഗണനയുടെയും കൂട്ടായ്മയുടെയും പാഠമാണ് കുട്ടികൾ പഠിക്കേണ്ടത്. ഇവയ്ക്കു ചേരാത്ത ശൈലികൾ അനഭിലഷണീയമായ പ്രതികരണമായിരിക്കണം ഉളവാക്കുക.

**വിദ്യാലയങ്ങളിലേക്ക്**

കുടുംബങ്ങളിൽ തന്നെ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയില്ല. അതുകൊണ്ട് വിദ്യാലയങ്ങളിലൂടെ കുട്ടികളുടെ പരിശീലനം പൂർത്തിയാക്കാൻ സഭക്കും രാഷ്ട്രത്തിനും ചുമതലയുണ്ട്. മാതാപിതാക്കളുടെ അവകാശം നിഷേധിച്ചുകൊണ്ടുള്ള ഒരു ക്രമീകരണമല്ല അത്. പ്രത്യുത മാതാപിതാക്കളെ പരിശീലന പ്രക്രിയയിൽ സഹായിക്കാനുള്ള ഉപാധികളായിട്ടാണ് സഭയും സർക്കാരും വിദ്യാലയങ്ങളെ കാണേണ്ടത്. പ്രത്യേകിച്ചും സ്കൂൾ തലത്തിൽ മാതാപിതാക്കളുടെ അഭിപ്രായങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. എന്നും മാതാപിതാക്കളുടെ സഹകരണം വിദ്യാലയങ്ങൾ ഉറപ്പാക്കേണ്ടതാണ്. മാതാപിതാക്കൾ വിദ്യാലയങ്ങളുടെ പ്രവർത്തനത്തിൽ സജീവ താൽപര്യം എടുക്കുകയും വേണം. മാതാപിതാക്കളും വിദ്യാലയങ്ങളും ഒന്നുചേർന്ന് നടത്തുന്ന ഒന്നായിരിക്കണം കുട്ടികളുടെ വിദ്യാഭ്യാസം. ഭാഗ്യസ്മരണാർഹനായ പ. പിതാവു ജോൺ പോൾ രണ്ടാമൻ ഇക്കാര്യം വ്യക്തമായി ചൂണ്ടിക്കാട്ടുന്നുണ്ട്. "തങ്ങളുടെ അവകാശത്തിനു ചേർന്നവിധം അധ്യാപകരും സ്കൂൾ അധികൃതരുമായി ഹൃദ്യവും ക്രിയാത്മകവുമായ ഒരു ബന്ധം പുലർത്താനുള്ള ഗൗരവയുക്തമായ കടമ മാതാപിതാക്കൾക്കുണ്ട്". (Familiaris Consortio 40). ഇത് മാതാപിതാക്കളും വിദ്യാലയാധികൃതരും പലപ്പോഴും മറന്നുപോകാറുണ്ട്.

മാതാപിതാക്കളുടെ ആദ്യത്തെ ചുമതല തങ്ങളുടെ കുട്ടികൾക്ക് ക്രിസ്തീയ വിദ്യാഭ്യാസം ലഭിക്കുന്ന വിദ്യാലയങ്ങൾ തിരഞ്ഞെടുക്കുക എന്നതാണ്. ഭൗതിക വിജ്ഞാനത്തോടൊപ്പം നമ്മുടെ വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും മൂല്യങ്ങൾ കുട്ടികൾക്കു കിട്ടിയില്ലെങ്കിൽ അവരുടെ ക്രൈസ്തവത്വം ഇല്ലാതാവുകയാണ് ചെയ്യുന്നത്. കേവലം ഭൗതിക വിജ്ഞാനം സമ്പാദിക്കുകയും ചില കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുക മാത്രമല്ല ക്രിസ്തീയ വിദ്യാഭ്യാസം കൊണ്ട് സാധിക്കുന്നത്. ഈ വിജ്ഞാനവും കഴിവുകളുമെല്ലാം വിശ്വാസത്തിന്റെ ജീവിതദർശനത്തോടും ധാർമ്മികതയോടു ബന്ധപ്പെടുത്തിയാലേ ക്രിസ്തീയ ജീവിതം രൂപപ്പെടുകയുള്ളു. രണ്ടാം വത്തിക്കാൻ കൗൺസിൽ ക്രിസ്തീയ വിദ്യാഭ്യാസത്തെ വിശദീകരിക്കുന്നത് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. "മനുഷ്യവ്യക്തിത്വത്തിന് പക്വത കൈവരുത്താൻ ശ്രമിക്കുക മാത്രമല്ല ക്രിസ്തീയ വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്. പ്രത്യുത മാമ്മോദീസ സ്വീകരിച്ചവരെ സാവധാനം രക്ഷാകര രഹസ്യത്തിലേക്ക് നയിക്കുന്നതോടൊപ്പം തങ്ങൾ സ്വീകരിച്ച വിശ്വാസത്തിന്റെ ദാനത്തെപ്പറ്റി അവരെ അനുദിനം ബോധവാൻമാരാക്കുക; പിതാവായ ദൈവത്തെ സത്യത്തിലും അരൂപിയിലും, പ്രത്യേകിച്ച് ആരാധന ക്രമത്തിൽ അധിഷ്ഠിതമായ അനുഷ്ഠാനങ്ങളിലും ആരാധിക്കുവാൻ( Jn 4/23) പഠിപ്പിക്കുക, നീതിയിലും യഥാർത്ഥ പരിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ട നൂതന മനുഷ്യന്റെ മാതൃകയിൽ(Eph 4/22-24) തങ്ങളുടെ ജീവിതം നയിക്കാൻ പരിശീലിപ്പിക്കുക, മിശിഹായുടെ പൂർണ്ണതയ്ക്കു യോജിച്ച വിധത്തിൽ പരിപൂർണ്ണമായ മനുഷ്യവ്യക്തിത്വം പ്രാപിക്കുവാൻ സഹായിക്കുക; മൗതികശരീരത്തിന്റെ വളർച്ചക്കു വേണ്ടി പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കുക എന്നിവ ക്രിസ്തീയ

വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നുണ്ട്"(GE.2). ഇങ്ങനെയുള്ള സമഗ്രമായ പരിശീലനം തങ്ങളുടെ കുട്ടികൾക്കു ലഭിക്കാനാണു മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്.

പൊതുവിദ്യാഭ്യാസത്തിനായി നമ്മുടെ കുട്ടികളെ കഴിയുന്നിടത്തോളം കത്തോലിക്ക വിദ്യാലയങ്ങളിൽ തന്നെ അയയ്ക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. വിദ്യാലയങ്ങളിലെ പൊതു അന്തരീക്ഷവും, നാം തന്നെ നിയമിക്കുന്ന അദ്ധ്യാപകരുടെ പരിചരണവും അത്തരം വിദ്യാലയങ്ങളിലാണല്ലോ കുട്ടികൾക്കു ലഭ്യമാകുക. കുട്ടികളുടെ വിശ്വാസപരിശീലനമാണ് കത്തോലിക്ക വിദ്യാലയങ്ങളുടെ സുപ്രധാന ലക്ഷ്യമായിരിക്കേണ്ടത്. പുതിയ തലമറക്ക് അവർ നേടുന്ന ഭൗതിക വിജ്ഞാനത്തോടൊപ്പം വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സംസ്കാരം പകർന്നു കൊടുക്കാനാവുന്നില്ലെങ്കിൽ അവരുടെ ക്രൈസ്തവത്വം നാമമാത്രമായിത്തീരുകയാണ്. അതുകൊണ്ടാണ് നമ്മുടെ ഭരണഘടനാ ശിൽപികൾ നമ്മുടെ വിദ്യാലയങ്ങൾക്കു പ്രത്യേക പരിരക്ഷ നൽകാൻ വ്യവസ്ഥ ചെയ്തത്. നമ്മുടെ വിദ്യാലയങ്ങളിൽ ഇതിനു ശ്രമിക്കാതിരുന്നാൽ ഭരണഘടനാപരമായ സംരക്ഷണം നിരർത്ഥകമായിത്തീരുകയാണ്. ഇത് ചില വിദ്യാലയാധികൃതരും രക്ഷാകർത്താക്കളും മറന്നുപോകുന്നത് നിർഭാഗ്യകരമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ വിശ്വാസവും സൻമാർഗ്ഗവും സംബന്ധിച്ച ബോധനങ്ങൾ നൽകുന്നതോടൊപ്പം, പൊതുവിൽ ഒരു ക്രൈസ്തവാന്തരീക്ഷം നിലനിറുത്താൻ അധികൃതരും രക്ഷാകർത്താക്കളും ശ്രമിക്കേണ്ടതാണ്. തിരുനാളുകൾ ആചരിക്കുക; വിശ്വാസത്തിനു സഹായകമായ അടയാളങ്ങൾ സ്ഥാപിക്കുക, നിശ്ശബ്ദമായിട്ടെങ്കിലും പ്രാർത്ഥിക്കാനുള്ള അവസരം നൽകുക തുടങ്ങിയ ക്രമീകരണങ്ങൾ ഇതിന് ആവശ്യമാണ്. കെ. സി. എസ്. എൽ. , സി. എസ്. എം. പോലെയുള്ള പരിശീലനവേദികളും പ്രോത്സാഹിപ്പിക്കണം. സർവ്വോപരി സ്വഭാവരൂപവത്കരണത്തിൽ അദ്ധ്യാപകർക്കു ശ്രദ്ധയുണ്ടായേ തീരൂ. നല്ല മാതൃക കൊണ്ടും മാർഗ്ഗദർശനം വഴിയായും വിദ്യാർത്ഥികളെ നൻമയുടെ വ്യക്തികളാക്കാനുള്ള പരിശ്രമം എല്ലാ കത്തോലിക്ക വിദ്യാലയങ്ങളുടെയും സ്വഭാവമായിരിക്കണം. സഹകരണത്തിന്റെയും ബോധനത്തിന്റെയും കൂട്ടായ്മയുടെയും മാതൃകയാണ് നമ്മുടെ വിദ്യാലയങ്ങൾ മറ്റുള്ളവർക്കു നൽകേണ്ടത്. ഇക്കാര്യത്തിൽ മാതാപിതാക്കളുടെ താൽപര്യവും ശ്രദ്ധയും ഒരു സുപ്രധാന ഘടകമായിരിക്കും. അവർ വിദ്യാലയാധികൃതരുമായി സമ്പർക്കത്തിലായിരുന്നാലേ ഇത്തരത്തിലുള്ള പരിശീലനം സുഗമമാകൂ.

വിദ്യാലയങ്ങളിൽ ഉയർന്ന അക്കാദമിക് നിലവാരം പുലർത്താനും മാതാപിതാക്കളുടെയും വിദ്യാലയാധികൃതരുടെയും സഹകരണം ആവശ്യമാണ്. പഠനത്തിന് ആവശ്യകരമായ അന്തരീക്ഷം വീടുകളിലുണ്ടായിരിക്കണം. ആവശ്യമായ പഠനസൗകര്യങ്ങൾ നൽകുന്നതോടെപ്പം പഠനവിഷയങ്ങൾ സംബന്ധിച്ചും സമയക്രമീകരണം സംബന്ധിച്ചും മാതാപിതാക്കൾ കാലാകാലങ്ങളിൽ മൾക്കു മാർഗ്ഗദർശനം നൽകുക ആവശ്യമാണെന്നതിൽ സംശയമില്ല. അതേസമയം അദ്ധ്യാപകരുമായി കുട്ടികളുടെ പുരോഗതിയെ കുറിച്ചെല്ലാം അന്വേഷിക്കുകയും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും. കുടുംബങ്ങളിൽ ആദ്ധ്യാത്മികവും ഭൗതികവുമായ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ചെറിയൊരു ഗ്രന്ഥശേഖരമുണ്ടായിരിക്കുന്നതു നന്നാണ്. അതുപോലെ തന്നെ നല്ല കത്തോലിക്ക മാസികകളും പ്രയോജനപ്പെടും. ദൃശ്യമാധ്യമങ്ങളുടെ വിവേകപൂർവമായ ഉപയോഗത്തിന് വിദ്യാഭ്യാസകാലത്ത് കുട്ടികളെ മാതാപിതാക്കൾ പരിശീലിപ്പിക്കുക എല്ലാ വിധത്തിലും പ്രയോജനകരമാണ്.

വിദ്യാലയങ്ങൾ പഠനവിഷയങ്ങളിലും മറ്റും ഉന്നതനിലവാരം പുലർത്തണമെങ്കിൽ ആധുനികരീതികൾ സ്വീകരിക്കേണ്ടതുണ്ട്. ആവശ്യമായ പഠനോപകരണങ്ങളും, ഗ്രന്ഥശാലയും, കംപ്യൂട്ടർ സംവിധാനങ്ങളും, language lab തുടങ്ങിയ ക്രമീകരണങ്ങളുമെല്ലാം അതിനില്ലാതെ പറ്റില്ല. ഗവൺമെന്റ് നിബന്ധനകൾ അനുസരിച്ചുതന്നെ സൗകര്യങ്ങൾ പലയിടങ്ങളിലും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. സ്വാശ്രയ വിദ്യാലയങ്ങളിൽ സ്റ്റാഫിന് മെച്ചമായ വേതനം ഉറപ്പുവരുത്തേണ്ടതാണ്.

ഇതിനെല്ലാമായി ആണ്ടുതോറും ധനശേഖരണം നടത്താതെ പറ്റില്ല. അതു പ്രവേശനത്തോടും മറ്റും ബന്ധപ്പെടുത്താതെ നടപ്പാക്കണമെങ്കിൽ രക്ഷാകർത്താക്കളും പൂർവവിദ്യാർത്ഥികളും സഹകരിക്കണം. ഈ സഹകരണക്കുറവാണ് എയിഡഡ് വിദ്യാലയങ്ങളുടെ ഇന്നത്തെ പിന്നോ

ക്കാവസ്ഥക്കു കാരണം. ഫീസു കുറവായിരിക്കുന്നത് എല്ലാവർക്കും നല്ലതാണ്. അതു കൊണ്ടുതന്നെ സാമ്പത്തികശേഷിയനുസരിച്ച് എല്ലാവരും മറ്റു വിധത്തിൽ ധനസമാഹരണം നടത്തേണ്ടത് ആവശ്യമാണ്. അതോടൊപ്പം സർക്കാരും പ്രാദേശിക ഭരണസമിതികളും എല്ലാ വിദ്യാലയങ്ങളിലും സഹായമെത്തിക്കേണ്ടതാണ്. പക്ഷേ ഇന്നത്തെ രീതിയിൽ രക്ഷാകർത്താക്കളും അദ്ധ്യാപകരും സംഘടിതമായ രീതിയിൽ ഭരണകൂടത്തിന്റെമേൽ സമ്മർദ്ദം ചെലുത്തിയാലേ അതു സാധിക്കൂ എന്നോർക്കണം.

എയ്ഡഡു വിദ്യാലയങ്ങളെ എല്ലാ രീതിയിലും മെച്ചപ്പെടുത്തേണ്ടതാണ്. നമ്മുടെ ഇടവകകളും സമൂഹങ്ങളും നടത്തുന്ന വിദ്യാലയങ്ങൾ ക്ഷയിച്ചു പോകാതിരിക്കാൻ വിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സാധാരണക്കാരായ കുട്ടികളിൽ ഏറിയ പങ്കും അവിടെയാണ് പഠിക്കുന്നത്. ആ വിദ്യാലയങ്ങളുടെ നിലവാരം ഉയരണമെങ്കിൽ മാതാപിതാക്കളും അദ്ധ്യാപകരും ഇടവക സമൂഹവും ഒരുമച്ച് ചിന്തിക്കുകയും ക്രിയാത്കമായി പ്രവർത്തിക്കുകയും വേണം. അവിടെ സ്വന്തം കുട്ടികൾ പഠിക്കുന്നില്ല എന്നു കരുതി സാമ്പത്തികശേഷിയുള്ളവർ അവയെ കൈയൊഴിയുന്നത് ശരിയായിരിക്കില്ല. ഈ വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുകയെന്നത് നമ്മുടെ അഭിമാനപ്രശ്നമായിട്ടുകൂടി നാം കാണേണ്ടതുണ്ടെന്നു തോന്നുന്നു.

അജപാലന പ്രേഷിതപ്രവർത്തനങ്ങളുടെ സുപ്രധാന വേദിയാണ് വിദ്യാഭ്യാസരംഗം. ഇടവകകൾ പ്രത്യേകിച്ച് ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ ബോധ്യങ്ങൾ ഉൾക്കൊള്ളേണ്ടതാണ്. വിദ്യാലയങ്ങളിൽ മെച്ചമായ അന്തരീക്ഷം നിലനിർത്താനും, കാര്യക്ഷമമായ രീതിയിൽ അദ്ധ്യാപനവും പഠനവും നടത്താനും ബഹു. അച്ചൻമാരും യോഗാംഗങ്ങളും പ്രത്യേക താൽപര്യം എടുക്കണം. ക്രൈസ്തവ വിശ്വാസികളുടെ വിശ്വാസധാർമ്മികതയും എല്ലാവരുടെയും സന്മാർഗ്ഗബോധനവും സ്വഭാവ രൂപവത്കരണവുമെല്ലാം ഇടവകയിലെ അജപാലന ശുശ്രൂഷയുടെ പ്രത്യേക ഭാഗമായിരിക്കേണ്ടതാണ്. ഇന്ന് വിദ്യാലയ പ്രേഷിതരംഗത്ത് ക്രൈസ്തവസമൂഹം മുഴുവൻ ഏറെ ശ്രദ്ധിക്കാതെ പറ്റില്ല. KCSL പോലെയുള്ള വിദ്യാർത്ഥിപ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കണം. വൈദികർ വിദ്യാലയങ്ങൾ സന്ദർശിക്കുകയും ബോധനം നൽകുകയും അദ്ധ്യാപകവിദ്യാർത്ഥിബന്ധം മെച്ചപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യണം. തീർച്ചയായും ഇന്ന് ഇടവകയിൽ വിദ്യാലയരംഗത്തിനു കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കാനും ഇടവകകളിൽ പദ്ധതികളുണ്ടാകണം.

പത്താം ക്ലാസു കഴിയുമ്പോൾ മുതൽ കുട്ടികൾ ഏതെങ്കിലും ലക്ഷ്യം വച്ചുകൊണ്ട് വിഷയങ്ങൾ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ മാതാപിതാക്കൾ മക്കളെ വിവേകപൂർവം സഹായിക്കണം. തീർച്ചയായും ദൈവവിളി സ്വീകരിക്കാൻ സന്നദ്ധതയും സ്വഭാവശുദ്ധിയും ഉള്ളവർക്ക് വേണ്ട രീതിയിൽ മാർഗ്ഗദർശനം നൽകുകയും വേണം. വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിൽ കുട്ടികളുടെ കഴിവും അഭിരുചിയും മറ്റുമാണു പ്രധാനമായും പരിഗണിക്കേണ്ട കാര്യങ്ങൾ. അതു മറന്ന് മാതാപിതാക്കളുടെ താൽപര്യം മാത്രം നോക്കി തീരുമാനങ്ങളെടുക്കുന്നത് ശരിയാവില്ല. മക്കൾ ഡോക്ടറോ, എൻജിനിയറോ, നേഴ്സോ ആകണമെന്ന് ശാഠ്യം പിടിക്കുന്നതു തെറ്റാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഇന്ന് ധാരാളം പുതിയ സാധ്യതകളുണ്ട്. എയ്ഡഡു കോളേജുകളിലുള്ള പല കോഴ്സുകളും ഇന്നു ജോലി സാധ്യതയുള്ളതായിത്തീർന്നിട്ടുണ്ട്. സിവിൽ സർവീസിനു ധാരാളം സാധ്യതകളുണ്ട്. അതിനുവേണ്ടി ഇന്നു കേരളത്തിൽ പലയിടങ്ങളിലും കോച്ചിംഗ് കോഴ്സുകളുണ്ടല്ലോ. പല രൂപതകളിലും Career Guidance courses ഉള്ളത് പരമാവധി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും.

ഉന്നതവിദ്യാഭ്യാസ രംഗത്ത് ഭൗതിക വിജ്ഞാനത്തോടൊപ്പം വിശ്വാസ ധാർമ്മിക ബോധനവും ക്രമമായി നടക്കണം. ഓരോ രംഗത്തും ധാർമ്മികതയുടെ പ്രശ്നങ്ങളുണ്ട്. ക്രൈസ്തവ വിശ്വാസത്തിൽ അടിത്തറയട്ട ജീവിത ദർശനവും ധാർമ്മികതയും സ്വീകരിച്ച് മനസ്സാക്ഷി രൂപപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. അതിനു വിദ്യാലയങ്ങൾ സഹായകമാകണം. അത്തരം വിദ്യാലയങ്ങൾ തെരഞ്ഞെടുക്കാനായിരിക്കണം മാതാപിതാക്കളും മക്കളും ശ്രദ്ധിക്കേണ്ടത്. അവിടെയുള്ള അദ്ധ്യാപകരുമായും സമ്പർക്കം പുലർത്തേണ്ടത് ആവശ്യമാണ്.

ഉന്നതവിദ്യാലയങ്ങളിലുള്ള കത്തോലിക്ക വിദ്യാർത്ഥികളുടെ കാര്യത്തിൽ ബന്ധപ്പെട്ട ഇടവക കൂടുതലായി ശ്രദ്ധിക്കേണ്ടത് ഇന്നു ഏറെ ആവശ്യമാണ്. വിദ്യാലയങ്ങളെ അജപാലന ശുശ്രൂഷയുടെ ഒരു സുപ്രധാന ഭാഗമായി ഇടവകകൾ കാണേണ്ടിയിരിക്കുന്നു. സമൂഹത്തിൽ ഏറെ സ്വാധീനം ചെലുത്താനിടയുള്ളവരാണല്ലോ അവിടെ പഠിപ്പിക്കുന്നവർ. അതു കൊണ്ടുതന്നെ അവരുടെ മനസ്സാക്ഷി രൂപീകരണത്തിന് കൂടുതൽ പ്രാധാന്യമുണ്ട്. ഇപ്പോൾ പ്രായേണ വിസ്മരിക്കപ്പെട്ടിരിക്കുന്ന രംഗമാണിത്.

വിദ്യാലയരംഗത്ത് അവശ്യം ഉണ്ടായിരിക്കേണ്ട സ്വാതന്ത്ര്യത്തെക്കുറിച്ച് മാതാപിതാക്കൾക്കും കുട്ടിക്കും ശരിയായ ബോധ്യങ്ങളുണ്ടായിരിക്കണം. ഉന്നതവിദ്യാലയങ്ങളിൽ അക്കാദമിക്ക് സ്വാതന്ത്ര്യം ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്. എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ ഭരണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. എങ്കിലേ പ്രാദേശികാവശ്യങ്ങളും താൽപര്യങ്ങളും കണക്കിലെടുത്തുകൊണ്ട് വിദ്യാലയങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസസ്വാതന്ത്ര്യം വിദ്യാഭ്യാസ പുരോഗതിക്കും മാതാപിതാക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ജനാധിപത്യ വ്യവസ്ഥിതിയുടെ നിലനിൽപ്പിനും കൂടിയേ തീരൂ. സിദ്ധാന്തങ്ങളുടെയും വർഗ്ഗീയതയുടെയും വേലിയേറ്റത്തിൽ ഈ സ്വാതന്ത്ര്യം നഷ്ടപ്പെടാനിടയുണ്ടല്ലോ.

വിദ്യാഭ്യാസരംഗത്ത് സ്ഥാപനങ്ങൾക്കും അവ നടത്തുന്നവർക്കും ന്യായമായ സ്വാതന്ത്ര്യമില്ലെങ്കിൽ നൂതന സംരംഭങ്ങൾ പരീക്ഷിക്കുവാൻ സാദ്ധ്യത കുറയാം. ക്രമേണ, ചിന്താസ്വാതന്ത്ര്യം തന്നെ നഷ്ടപ്പെടാൻ ഇടയുണ്ട്. അതിനാൽ ഈ രംഗത്ത് എല്ലാവരും ജാഗ്രത പുലർത്തേണ്ടതാണ്. തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്നതിലുപരി വിദ്യഭ്യാസരംഗത്തെ പൊതുപ്രശ്നങ്ങൾ കണക്കിലെടുത്ത് പ്രവർത്തിക്കാൻ രക്ഷാകർത്താക്കൾ തയ്യാറാകണം.

ന്യൂനപക്ഷങ്ങൾക്കു ഭരണഘടന നൽകുന്ന പരിരക്ഷയുടെ പൊരുളെന്ത്, അതിന്റെ പ്രാധാന്യമെന്ത് എന്നുള്ള കാര്യങ്ങളെക്കുറിച്ച് പലരും വേണ്ടത്ര ബോധവാൻമാരല്ല. വിദ്യാഭ്യാസത്തിലൂടെ നമ്മുടെ വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സംസ്കാരം കൈമാറുക എന്നുള്ളത് നമ്മുടെ നിലനിൽപ്പിന്റെ ഭാഗമാണെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ളവർ തന്നെ ക്രൈസ്തവജീവിതദർശനവും ധാർമ്മികതയും നഷ്ടപ്പെടുത്തിയാൽ അവരുടെ ക്രൈസ്തവത്വത്തിന് എന്തു അർത്ഥമാണുള്ളത്! സമൂഹത്തിനും ഈ സംസ്കൃതിയുടെ അഭാവം വലിയ നഷ്ടമായിരിക്കും. അതിനാൽ ന്യൂനപക്ഷ വിദ്യാഭ്യാസാവകാശത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും അതിനു വേണ്ടി ത്യാഗം സഹിക്കാനും തയ്യാറാകണം. വിദ്യാഭ്യാസ സ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ ന്യൂനപക്ഷത്തിനു നിലനിൽപ്പില്ല എന്നതാണു വസ്തുത.

**മാധ്യമങ്ങളും രാഷ്ട്രീയ പ്രസരവും**

പരിശീലന രംഗത്ത് ഇന്നു വിദ്യാലയങ്ങൾ മാത്രമല്ല കുട്ടികളെ സ്വാധീനിക്കുന്നത്. മാധ്യമങ്ങളും രാഷ്ട്രീയവും ഇന്ന് അവരുടെ ചിന്തകളെയും മനോഭാവങ്ങളെയും രൂപപ്പെടുത്താനായി തീവ്രശ്രമത്തിലാണ്. മാധ്യമങ്ങൾ മിക്കവയും ലാഭത്തിനു വേണ്ടി മാത്രം പ്രവർത്തിക്കുന്നവയാണെന്ന തിരിച്ചറിവു നമുക്കുണ്ടാകണം. എങ്ങനെയും മനസ്സുകളെ വശീകരിച്ച് സാമ്പത്തിക നേട്ടം കൊയ്യാനാണ് അവ ശ്രമിക്കുന്നത്. അവിടെ നൻമ, തിൻമ വ്യത്യാസത്തിനു പ്രസക്തിയില്ലാതാകുന്നു. അതുകൊണ്ട് മാധ്യമങ്ങളുടെ വിവേകപൂർവകമായ ഉപയോഗത്തിനുള്ള പരിശീലനം കുടുംബങ്ങളിൽ തന്നെ ആരംഭിക്കേണ്ടതാണ്. നല്ല മാധ്യമങ്ങളെ പ്രോത്സാഹിപ്പിച്ചും, മറ്റുള്ളവയെ തള്ളാനുള്ള ഇച്ഛാശക്തി രൂപപ്പെടുത്തിയുമാണ് മാതാപിതാക്കൾ ഇത് സാധിക്കേണ്ടത്.

എല്ലാ വിദ്യാലയങ്ങളിലും മാധ്യമബോധനം (media education) നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. മാധ്യമങ്ങളെ യഥോചിതം ഉപയോഗിക്കാനും, ഉപകാരപ്രദമല്ലാത്തവയെ തള്ളാനും വേണ്ട വിവേകം വളർത്തിയെടുക്കുകയാണ് ആവശ്യം. പല മാധ്യമങ്ങളും വളരെ ഉപരിപ്ലവമായ ചിന്തകളാണ് ആകർഷണീയമായി അവതരിപ്പിച്ച് ജനശ്രദ്ധ നേടുന്നത്. ഗൗരവമായ പഠനത്തിനും വിശകലനത്തിനും ഇത് പലപ്പോഴും പ്രതിബന്ധമായിത്തീരുന്നുണ്ട്. അടിസ്ഥാനരഹിതമായ മുൻവിധികളും തെറ്റിദ്ധാരണകളും യുവമനസ്സുകളിൽ സ്വാധീനം

ചെലുത്തുന്ന സാഹചര്യമാണിന്നുള്ളത്. ഇവിടെ അദ്ധ്യാപകരും മാതാപിതാക്കളും കൈകോർത്ത് പ്രവർത്തിക്കണം.

പിഞ്ചുമനസ്സുകളെ പാർട്ടി രാഷ്ട്രീയത്തിന്റെ മൂശയിൽ വാർത്തെടുക്കാൻ വിട്ടുകൊടുക്കുന്ന ചിത്രമാണ് പലയിടങ്ങളിലും ഇന്ന് കാണുന്നത്. രാഷ്ട്രീയത്തിന്റെ അതിപ്രസരം വിദ്യാലയരംഗത്തുണ്ടാകുന്നത് വിജ്ഞാനശേഖരണത്തിനും മാനസികപക്വതയുടെ വളർച്ചക്കും തടസ്സം സൃഷ്ടിക്കുമെന്ന വസ്തുത കണക്കിലെടുക്കേണ്ടത്. രാഷ്ട്രീയമീമാംസയും മറ്റും ശരിയായി വിശകലനം ചെയ്യാനും ദേശീയനന്മ വ്യക്തമായി മനസിലാക്കാനും ഇക്കാര്യത്തിൽ ശരിയായ ബോധനം വിദ്യാലയങ്ങളിൽ ഉണ്ടാകണം. പക്വമായ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരായ പൗരസഞ്ചയത്തെ വളർത്തിയെടുക്കാനാണ് മാതാപിതാക്കളും അദ്ധ്യാപകരും കൂട്ടായി ശ്രമിക്കേണ്ടത്.

കാമ്പസുകൾ അരാഷ്ട്രീയവത്ക്കരിക്കുന്നതുകൊണ്ട് അവിഹിതമായ പ്രവണതകൾ വളർന്നുവരുന്നുവെന്നും മറ്റും തൽപരകക്ഷികൾ പറഞ്ഞു പ്രചരിപ്പിക്കാറുണ്ട്. ഇതിന് യാതൊരു അടിസ്ഥാനവുമില്ല എന്നാണ് യഥാർത്ഥ ജനാധിപത്യ വ്യവസ്ഥിതി പുലരുന്ന രാഷ്ട്രങ്ങളിലെ വിദ്യാലയങ്ങളുടെ അനുഭവം വ്യക്തമാക്കുന്നത്. ഗൗരവമായ പഠനത്തിനും കലാസാംസ്കാരിക രംഗങ്ങളിലുള്ള മുന്നേറ്റത്തിനുമാണ് രാഷ്ട്രീയം വെടിഞ്ഞ കാമ്പസുകൾ സഹായിക്കുന്നത്, സഹായിക്കേണ്ടത്.

**ഉപസംഹാരം**

കുട്ടികളുടെ ശരിയായ പരിശീലനം ഭാവിനന്മയ്ക്കു കൂടിയേ തീരു. അതില്ലെങ്കിൽ കുടുംബങ്ങളുടെ തന്നെ നിലനിൽപ്പ് അപകടത്തിലാകുമെന്ന സൂചനയാണ് ചില രാജ്യങ്ങളിലെ സ്ഥിതിഗതികൾ നമുക്കു നൽകുന്നത്. അതുകൊണ്ട് ഈ രംഗത്ത് കുടുംബങ്ങളും ഇടവകയും സഭയും സമൂഹം മുഴുവനും ഉത്സാഹത്തോടെ ഒന്നിച്ചു പ്രവർത്തിക്കണം. കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി വേണ്ടതു ചെയ്യാനുള്ള സന്നദ്ധത നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.